പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1061 — 25.01.2018 ന് മറുപടിയ്ക്ക്.

## കഴിഞ്ഞ സർക്കാർ ആരംഭിച്ച ഐ.ടി.ഐ.കൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സ്ഥലം നൽകാമെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉറപ്പിൽ കഴിഞ്ഞ സർക്കാർ എത്ര ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ ഏതെല്ലാം ഇടങ്ങളിൽ സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി)<br><br>ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന ഉറപ്പിൽ പള്ളിപ്പാട് (ആലപ്പുഴ), ചങ്ങനാശ്ശേരി (കോട്ടയം), കഞ്ഞിക്കുഴി (ഇടുക്കി), താഴേക്കോട് (മലപ്പുറം), വെസ്റ്റ് എളേരി (കാസർഗോഡ്), കുത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്), എലപ്പുള്ളി/എല്യമ്പുലാശ്ശേരി (പാലക്കാട്), നരിപ്പറ്റ (കോഴിക്കോട്), കൊടുവള്ളി (കോഴിക്കോട്) എന്നീ 10 ഐ.ടി.ഐകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചത്. ഇതിൽ പള്ളിപ്പാട് (ആലപ്പുഴ), കുത്തുപറമ്പ് (കണ്ണൂർ),കൊഴിഞ്ഞാംപാറ (പാലക്കാട്) എന്നീ ഐ.ടി.ഐകൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്. |
| (സി) സ്ഥലം ലഭിക്കാത്തയിടങ്ങളിൽ വാടകക്കെട്ടിടങ്ങളിലാണോ അവ പ്രവർത്തിച്ച വരുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) എങ്കിൽ വാടക നൽകുന്നത് ആരാണെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) സ്ഥലം ലഭ്യമാകാത്ത ഇടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വാടക നൽകി ലഭ്യമാക്കിയ സംവിധാനത്തിലോ ആണ് ഐ.ടി.ഐകൾ പ്രവർത്തിച്ച വരുന്നത്. |

| | |
|---|---|
| (ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി നാളിതുവരെയും സ്ഥലം ലഭ്യമാകാത്ത ഐ.ടി.ഐകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവരുമായി നേരിൽ ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. വിഷയത്തിന്റെ ഗൗരവം ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി നാളിതുവരെയും സ്ഥലം ലഭ്യമാകാത്ത ഐ.ടി.ഐ പ്രിൻസിപ്പാൾമാരുടെ യോഗം 06.01.2018 -ൽ ട്രെയിനിംഗ് ഡയറക്ടർ വിളിച്ചു ചേർക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ നേരിൽ പോയി നടപടി ത്വരിതപ്പെടുത്തി സ്ഥലം അടിയന്തിരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br>ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ്, എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ